# എം.ഡി.സി.ആർ.സി. ക്ലിനിക് ആരംഭിച്ചു

**കോയമ്പത്തൂർ** ► മോളിക്യുലർ ഡയഗനോസ്റ്റിക്സ് കൗൺസലിങ് കെയർ റിസർച്ച് സെൻററിന്റെ പുതിയ ക്ലിനിക്കൽ കേന്ദ്രം കോയമ്പത്തൂർ നീലമ്പൂർ റോയൽകെയർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

ശരീരശോഷണവും ശാരീരിക വൈകല്യങ്ങളും സംഭവിക്കുന്ന കുട്ടികൾക്ക് പരിചരണവും ശുശ്രൂഷയും നൽകുന്ന സംഘടനയാണ് ഡി.എം.സി.ആർ.സി.

അരവിന്ദ് ആശുപത്രിയിലെ ഡോ. കല്പന നരേന്ദ്രൻ സെൻററിന്റെ ഉദ്ഘാടനം നിർവഹിച്ചു. റോയൽകെയർ ആശുപത്രി ചെയർമാൻ ഡോ. കെ. മാധേശ്വരൻ, പ്രസന്നകുമാർ ഷിറോം, എം.ഡി.സി.ആർ.സി. മാനേജിങ് ഡയറക്ടർ ഡോ. ബി.ആർ. ലക്ഷ്മി എന്നിവർ പ്രസംഗിച്ചു.

തമിഴ്നാട്ടിൽ 2020 ആകുമ്പോഴേക്ക് കുട്ടികളിലെ ഡച്ചിന് മസ്ക്യുലർ ഡിസ്ട്രോഫി ബാധ ഇല്ലാതാക്കാൻ സംഘടന ശ്രമിച്ചുവരികയാണെന്ന് ഡോ. ലക്ഷ്മി പറഞ്ഞു.

Mathrubhumi (23-10-2019)